വൈദ്യുതി ബോർഡിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്

132 (915)ശ്രീ. ബി. വിജയകുമാർ :

ശ്രീ. എം. മുരളി :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റ് നിലവിൽവന്നശേഷം നടപടിക്രമത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഇതനുസരിച്ച് ക്വട്ടേഷൻ ലഭിച്ചതിനുശേഷം ഏറ്റവും കുറവു തുക ക്വാട്ടുചെയ്ത അഞ്ചുപേർക്കു മാത്രമായി സാധനങ്ങൾ നൽകുന്നതിനുള്ള കരാർ കൊടുക്കുന്ന ഏർപ്പാട് സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതുമൂലം സംസ്ഥാനത്തുള്ള നിർമ്മാതാക്കൾക്ക് കരാറ് കിട്ടാതാകുന്നുണ്ടോ;

(ഇ) സംസ്ഥാനത്തുള്ള നിർമ്മാതാക്കൾക്കുകൂടി കരാർ കിട്ടുവാൻ സഹായകമായ നടപടിക്രമം ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പൊതുവായി ഇത്തരത്തിൽ ഒരു ഏർപ്പാട് സ്വീകരിച്ചിട്ടില്ല. ചില സാധനങ്ങളുടെ കാര്യത്തിൽ ഒരു കമ്പനിക്കു മാത്രമായി ഓർഡർ നൽകിയാൽ ആവശ്യമുള്ളത്രയും സാധനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലഭിയ്ക്കുകയില്ല. പ്രധാനമായും ഇത്തരം സന്ദർഭങ്ങളിൽ ക്വാട്ടുചെയ്യപ്പെട്ട ഏറ്റവും കുറഞ്ഞ നിരക്കിൽ ഓർഡർ പലർക്കായി വീതിച്ചു നൽകാറുണ്ട്.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്തുള്ള നിർമ്മാതാക്കൾക്ക് കരാർ കിട്ടാൻ സഹായകമായ ''പ്രൈസ് പ്രിഫറൻസ്'' ഉൾപ്പെടെയുള്ള നടപടിക്രമം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

ലാഭകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടി

133 (916)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തിനെയെല്ലാം സംബന്ധിക്കുന്നവയാണ് വൈദ്യുതി ബോർഡിലെ ലാഭകേന്ദ്രങ്ങൾ എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡിലെ വെയിസ്റ്റ് ഫുൾ എക്സ്പെൻഡിച്ചർ ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്ത് വൈദ്യുതിവില കുറച്ച് കൺസ്യൂ

LIBRARY ARCHIVES Kerala Legislative Assembly

മേഴ്സിന് ലാഭം വരുത്തുക, നിയമപ്രകാരം നൽകേണ്ട കണക്ടഡ് ലോഡ് അണ് കൺസ്യൂമർക്ക് നൽകാത്തപ്പോൾ അവർക്ക് കോമ്പൻസേഷൻ നൽകി നഷ്ടം നികത്തുക, വർക്ക് ഓഡിറ്റിന് സൂപ്പർവിഷൻ വഹിച്ച് വർക്കുകൾ ലാഭ കരമാക്കി വൈദ്യുതി ചാർജ് കുറയ്ക്കുക മുതലായി കൺസ്യൂമേഴ്സിന് ലാഭ മുണ്ടാക്കാൻ പറ്റിയ വിധത്തിൽ ബോർഡിൽ ഉപഭോക്തൃ ലാഭകേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടിയെടുക്കുമോ;

(സി) വൈദ്യുതി കൺസ്യൂമർമാരുടെ താൽപ്പര്യം സംരക്ഷിക്കുവാ നുള്ള ബാദ്ധ്യതയാർക്കാണെന്നു പറയുമോ?

ഉത്തരം

(എ) വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം എന്നിവയെ സംബന്ധിക്കുന്നതാണ് ലാഭകേന്ദ്രങ്ങൾ.

(ബി) ഇക്കാര്യങ്ങളിൽ സമഗ്രമായി പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ ഓരോ ലാഭകേന്ദ്രങ്ങളുടെയും കീഴിൽ ഓരോ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേറ്റ് ഓഫീസിനു കീഴിൽ ഒരു ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം ലാഭകേന്ദ്രങ്ങൾ പൂർണ്ണരൂപത്തിൽ നിലവിൽ വരും.

(സി) വൈദ്യുതി ബോർഡിനാണ്.

വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

134 (917)ശ്രീ. പി. രാഘവൻ :
ശ്രീ. സി.പി. ബാലൻവൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഇപ്പോൾ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്;

(ഡി) ഓരോ പദ്ധതിയുടെയും ഉൽപ്പാദനക്ഷമതയും അതിന് ചെല വായ തുകയും എത്ര വീതമെന്ന് അറിയിക്കുമോ;

(ഇ) ഇപ്പോൾ നിർമ്മാണഘട്ടത്തിലുള്ള പദ്ധതികൾ ഏതൊക്കെ യാണ്;

(എഫ്) അവ ഓരോന്നിന്റെയും ഉൽപ്പാദനമൂല്യം എത്രയാണെന്ന് അറി യിക്കുമോ;

(ജി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിച്ച് വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly